(ഡി) വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ തന്നെ ട്രയൽ റൺ ആരംഭിച്ച് പദ്ധതി പ്രവർത്തനക്ഷമമാക്കാനാകുന്നതാണ്.

മുള്ളംപാറകുന്ന് ശുദ്ധജല വിതരണ പദ്ധതി

67 [3210] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നൊച്ചാട് പഞ്ചായത്തിലെ മുള്ളംപാറക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം എപ്പോഴാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) ഇതിനായി എവിടെ നിന്നെല്ലാം എത്രമാത്രം ധനസഹായം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തി ഏത് ഘട്ടം വരെയെത്തിയെന്ന് പറയാമോ;

(ഇ) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) മുള്ളംപാറക്കുന്ന് ശുദ്ധജലവിതരണ പദ്ധതി 1997-ൽ ആരംഭിച്ചു.

(ബി) പദ്ധതിയുടെ അടങ്കൽ തുക 12.40 ലക്ഷം രൂപയാണ്.

(സി) കേരള വാട്ടർ അതോറിറ്റി 12.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ വൈദ്യുതി കണക്ഷന് വേണ്ടി ജില്ലാ പഞ്ചായത്തിൽ നിന്നും 3 ലക്ഷം രൂപയും എം. എൽ. എ. ഫണ്ടിൽ നിന്നും 2.45 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതി കണക്ഷൻ ഒഴികെ ബാക്കി എല്ലാ ജോലികളും പൂർത്തിയായി.

(ഇ) 12/2003-ൽ കമ്മീഷൻ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതി

68 [3211] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് സപ്പോർട്ട് യൂണിറ്റിൽ സീനിയർ കൺസൾട്ടന്റ് (എച്ച്. ആർ. ഡി.) തസ്തികയ്ക്ക് നിശ്ചയിച്ചിരുന്ന യോഗ്യത എന്താണെന്ന് പറയാമോ;

(ബി) ഈ തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി ജയലക്ഷ്മിഭട്ടിനെ

LIBRARY ARCHIVES Kerala Legislative Assembly

പിരിച്ചുവിടാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ആയത് സംബന്ധിച്ച് എന്തെങ്കിലും കേസ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സെക്ടർ റിഫോംസ് പദ്ധതിയിൽ സീനിയർ കൺസൾട്ടന്റ് (എച്ച്. ആർ. ഡി.) തസ്തികയ്ക്ക് നിശ്ചയിച്ചിരിക്കുന്ന യോഗ്യത ചുവടെ കൊടുത്തിരിക്കുന്നു:

(1) ബിസിനസ്സ് മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, റൂറൽ മാനേജ്മെന്റ്, സോഷ്യൽ വർക്ക് എന്നിവയിൽ ഏതിലെങ്കിലുമുള്ള ബിരുദാനന്തര ബിരുദം.

(2) സാമൂഹ്യാധിഷ്ഠിത വികസനപദ്ധതികളിൽ പ്രത്യേകിച്ച് കുടിവെള്ള-ശുചിത്വ മേഖലയിൽ 5 വർഷത്തിൽ കുറയാതെയുള്ള പ്രവർത്തന പരിചയം

(3) മലയാളം, കന്നഡ ഭാഷകളിലുള്ള അറിവ്.

(4) ഗവൺമെന്റിതര സന്നദ്ധസംഘടനകളിലുള്ള പ്രവൃത്തി പരിചയം എന്നിവയാണ്.

(ബി) ശ്രീമതി ജയലക്ഷ്മിഭട്ടിന് നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തി പരിചയവും ഇല്ലാത്തതിനാലാണ് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം സർവ്വീസിൽ നിന്നു പിരിച്ചു വിട്ടത്. പിരിച്ചു വിട്ടതിനെതിരെ ശ്രീമതി ജയലക്ഷ്മിഭട്ട് റയൽ ചെയ്ത കേസ് ബഹു. കേരള ഹൈക്കോടതി തള്ളിക്കളഞ്ഞിട്ടുണ്ട്.

പെരുമണ്ണ പഞ്ചായത്തിലെ വെലപ്പാറക്കുന്ന് കുടിവെള്ള വിതരണ പദ്ധതി

69 [3212] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുമണ്ണ പഞ്ചായത്തിലെ വെലപ്പാറക്കുന്ന് കുടിവെള്ള വിതരണ പദ്ധതിയുടെ പണി പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം പറയാമോ;

(സി) പ്രസ്തുത പണിയുടെ നിലവിലുള്ള സ്ഥിതിയെന്താണ്;

(ഡി) പണി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ പെരുമണ്ണ പഞ്ചായത്തിൽ വെലപ്പാറക്കുന്ന് എന്ന പദ്ധതി നിലവിലില്ല. എന്നാൽ കുന്ദമംഗലം

LIBRARY ARCHIVES Kerala Legislative Assembly